# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 2949 — 10.05.2017 ൽ മറുപടിക്ക്

### എ.ഡി.ജി.പി. ടോമിൻ ജെ.തച്ചങ്കരിക്കെതിരെ മുൻ മന്ത്രി നൽകിയ പരാതിയിന്മേലുള്ള അന്വേഷണം

| ചോദ്യം: | ഉത്തരം : |
| --- | --- |
| ശ്രീ. അൻവർ സാദത്ത് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| **(എ)** മുൻമന്ത്രി റ്റി.എൻ. ബാലകൃഷ്ണനെതിരെ രഹസ്യയോഗത്തിൽ മോശം പരാമർശം നടത്തിയ എ.ഡി.ജി.പി. ടോമിൻ ജെ തച്ചങ്കരിക്കെതിരെ മുൻ മന്ത്രി നൽകിയ പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;<br><br>**(ബി)** വകുപ്പുതല അന്വേഷണത്തിൽ തച്ചങ്കരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയിരുന്നോ;<br><br>**(സി)** എങ്കിൽ അദ്ദേഹത്തെ കുറ്റവിമുക്തനാക്കി ഉത്തരവിറക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | **(എ), (ബി) & (സി)** : ശ്രീ. ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസ്. കൺസ്യൂമർ ഫെഡിന്റെ മാനേജിംഗ് ഡയറക്ടറായിരിക്കെ അന്നത്തെ സഹകരണ വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ.സി.എൻ.ബാലകൃഷ്ണനെതിരായി ഒരു രഹസ്യ യോഗത്തിൽ മോശമായ പരാമർശങ്ങൾ നടത്തിയെന്ന മന്ത്രിയുടെ പരാതിയെത്തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനം കൈക്കൊള്ളുകയും ഇതിന്റെ ഭാഗമായി ടിയാന് കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകുകയും ടിയാൻ വിശദീകരണം നൽകുകയുമുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം 27.03.2017-ലെ സ.ഉ.(സാധാ.) 1987/17/പൊ.ഭ.വ. പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ, ഭാവിയിൽ ഔദ്യോഗിക കാര്യങ്ങളിന്മേൽ അഭിപ്രായം പ്രകടിപ്പിക്കുമ്പോൾ നിയന്ത്രണം പാലിക്കേണ്ടതാണെന്ന കർശന നിർദ്ദേശത്തോടു കൂടി, അവസാനിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

Manoj M

സെക്ഷൻ ഓഫീസർ.